## അദ്ധ്യായം ആറ്

# നിഗമനങ്ങൾ

ഈ ഗവേഷണപഠനത്തിന്റെ ഫലമായി ഉരുത്തിരിഞ്ഞ നിരീക്ഷണങ്ങളും നിഗമനങ്ങളും കഴിഞ്ഞ അഞ്ച് അദ്ധ്യായങ്ങളിലായി ചിതറിക്കിടക്കുന്നുണ്ട്. ഈ അദ്ധ്യായത്തിൽ അവ അക്കമിട്ടു നിരത്തുക മാത്രമാണ് ചെയ്യുന്നത്.

1. മഹാന്മാരും കവികളും എന്നും കുട്ടിക്കാലത്തെയും കുട്ടികളെയും വാഴ്ത്തിപ്പോന്നിട്ടുണ്ടെങ്കിലും കഴിഞ്ഞ മൂന്നു നാലു ശതകം വരെ, പൊതുവെ കുട്ടികളുടെ സാമൂഹികമായ അവസ്ഥ പരിതാപകരമായിരുന്നു. ഫ്രഞ്ചുവിപ്ലവം, റഷ്യൻവിപ്ലവം, യു. എൻ. ഒ. യുടെയും യൂനിസെഫിന്റെയും ആവിർഭാവം, അണുകുടുംബവ്യവസ്ഥയിലേക്കുള്ള മാറ്റം എന്നിവയാണ് കുട്ടികൾക്കു പരിഗണന ലഭിക്കാൻ കാരണമായത്.

2. ഈ പഠനത്തിന്റെ സാഹിത്യബന്ധത്തെ ആസ്പദമാക്കി, കുട്ടിക്കാലത്തെ നിർവ്വചിക്കുന്നത് ഇങ്ങനെയാണ്: ആശയഗ്രഹണം, ഭാഷാപ്രയോഗം, ഓർമ്മശക്തി എന്നിവയുമായി അടുത്തു ബന്ധപ്പെട്ടു തുടങ്ങുന്ന രണ്ടാംവയസ്സു (ഒരു വയസ്സിനും രണ്ടുവയസ്സിനുമിടയിൽ) മുതൽ ലൈംഗികചോദനകൾ ബോധപൂർവ്വം പ്രത്യക്ഷപ്പെടുന്ന പതിമൂന്നു-പതിനാലു വയസ്സുവരെയുള്ള മനുഷ്യജീവിതകാലഘട്ടത്തെ കുട്ടിക്കാലമെന്നും ഈ പ്രായത്തിലുള്ള ശരാശരി നിലവാരത്തിലുള്ള വ്യക്തികളെ കുട്ടി എന്നും വിളിക്കാം. (1.5.12)

3. കുട്ടിക്കാലത്തെ പൊതുവെ ശൈശവമെന്നും ബാല്യമെന്നും രണ്ടായി വിഭജിക്കാം. ഫ്രോയിഡ്, ഷാങ് പെജെ എന്നിവരുടെ വീക്ഷണത്തോട് അടുത്തു നില്ക്കുന്നതും നിക്കോളസ് ടക്കർ സ്വീകരിച്ചതുമായ ഘട്ടവിഭജനം (മൂന്നുവയസ്സുവരെ, മൂന്നു മുതൽ ഏഴുവരെ, ഏഴുമുതൽ പതിനൊന്നുവരെ, പതിനൊന്നുമുതൽ പതിനാലു വരെ) ഈ പഠനത്തിനു സഹായകമാണ്. ഇതിൽ ആദ്യത്തെ രണ്ടുവിഭാഗങ്ങൾ ശൈശവകാലമായും മറ്റു രണ്ടെണ്ണം ബാല്യമായും പരിഗണിക്കാം.(1.5.13)

4. ഡാർവിൻ, ഷാങ് പെജെ, എറിക്സൻ എന്നിവരുടെ ശിശുമനശ്ശാസ്ത്രപഠനങ്ങൾ കുട്ടികളുടെ സാഹിത്യാസ്വാദനവുമായി ബന്ധപ്പെടുത്താവുന്നതാണ്. ഇതിൽ കുട്ടികളുടെ ധാരണാശേഷിയുടെ വളർച്ചയിലെ നാലുഘട്ടങ്ങളായി പെജെ ചൂണ്ടിക്കാട്ടുന്ന അവയവചിന്തനകാലം, പ്രയോഗപൂർവ്വകാലം, മൂർത്തപ്രയോഗകാലം, ഔപചാരികപ്രയോഗ

കാലം എന്നിവ സാഹിത്യാസ്വാദനത്തിന്റെ വിവിധഘട്ടങ്ങൾ കൂടിയാണ്.

5. ഭ്രമകല്പന(Fantasy), കളി (Play), പ്രതീകാത്മകലീല (Symbolic play), അനുകരണം (Imitation)എന്നിവയാണ് കുട്ടികളെ സാഹിത്യാസ്വാദനത്തിലേക്കു നയിക്കുന്നത്.

6. അഹംകേന്ദ്രിത(Egocentric)മനോഭാവം, നിഷേധാത്മകത(Negativism), ചേതനാരോപം (Animism), ഏകമാനചിന്ത (One diamensional thought), ആത്മഭാഷണം(monologue), ക്രമവിപര്യയം (Inversibility), പ്രത്യക്ഷാധിഷ്ഠിതചിന്ത(Perception bound thought) തുടങ്ങിയ, കൊച്ചുകുട്ടികളിലെ മാനസികമായ സവിശേഷതകൾക്കനുസരിച്ചു വേണം അവർക്കുള്ള സാഹിത്യത്തെ സമീപിക്കാൻ. മുതിർന്ന കുട്ടികളിൽ യാഥാർത്ഥ്യബോധം, ഉൽക്കർഷതാബോധം, സമൂഹവത്കരണം തുടങ്ങിയ സവിശേഷതകളാണ് ശക്തി പ്രാപിച്ചു വരുന്നത് എന്നതിനാൽ അതിനനുസരിച്ച് സാഹിത്യാസ്വാദനത്തിലും മാറ്റമുണ്ടാകുന്നു.

7. സംവേദനം, ശ്രദ്ധ, ജിജ്ഞാസ, ഗ്രഹണം, നർമ്മബോധം, ബുദ്ധിശക്തി, മനോഭാവം, ധാരണകൾ, ഭാവന തുടങ്ങിയ മാനസികസവിശേഷതകളുടെ ഘടന കുട്ടികളിൽ, മുതിർന്നവരുടേതിൽനിന്നു വ്യത്യസ്തമാണ്.

8. കുട്ടികളെ അവരുടെ ഭാഷാഗ്രഹണശേഷിക്കനുസൃതമായാണ് സാഹിത്യാസ്വാദനവുമായി ബന്ധപ്പെടുത്തേണ്ടത്. കരച്ചിൽ, കൂജനം (Cooing), ജല്പനം (Babbling), 'വോക്കബ്ൾസ്'(Vocables) എന്നിങ്ങനെ ഭാഷാപ്രയോഗത്തിനു മുമ്പുള്ള ശബ്ദങ്ങൾ സാർവ്വത്രികമായി ഒന്നുതന്നെയാണ്. മനുഷ്യവർഗ്ഗത്തിന്റെ സ്വാഭാവികശബ്ദം ഇവ തന്നെയായിരിക്കാം(2.1.4).

9. കുട്ടികളുടെ ശരീരവളർച്ചയും ഭാഷയുടെ പ്രയോഗവും തമ്മിൽ ബന്ധമുണ്ടെന്നു പറയാവുന്നതാണ്. കഴുത്തുറയ്ക്കുന്ന രണ്ടു-മൂന്നു മാസത്തോടെയാണ് കുട്ടികൾ കൂവുന്ന (cooing) സ്വഭാവം പ്രകടിപ്പിക്കുന്നത്. കമിഴ്ന്നു തുടങ്ങുന്ന പ്രായത്തിൽ ജല്പനവും എഴുന്നേറ്റുനില്ക്കുന്ന പ്രായത്തിൽ ആദ്യപദപ്രയോഗവും പ്രത്യക്ഷപ്പെടുന്നു. പിച്ച

വയ്ക്കാൻ തുടങ്ങുന്ന 15-18 മാസക്കാലം കൊണ്ട് രണ്ടു-മൂന്നു വാക്കുകൾ ചേർത്തു പ്രയോഗിക്കാൻ പഠിക്കുന്നു. ബാല്യപ്രായം കഴിഞ്ഞ് കൗമാരത്തിലേക്കു കടക്കുന്ന കാലത്താണ്, ഭാഷയുടെ പൂർണ്ണസ്വരൂപം പ്രയോഗക്ഷമമാകുന്നത്. ഇതിൽനിന്ന് ഭാഷാഗ്രഹണം, ശാരീരിക-മാനസിക വളർച്ചയുമായി ബന്ധപ്പെട്ട പ്രതിഭാസമാണെന്ന ഒരു നിഗമനം രൂപീകരിക്കാവുന്നതാണ് (2.1.12).

10. പൊതുവെ കൂട്ടിപ്പറയുന്ന (exaggeration)വരാണ് കുട്ടികൾ. കളി എന്ന നിലയിൽ പൊങ്ങച്ചം പറയുകയും കള്ളം പറയുകയും ചെയ്യാറുണ്ട്. കുട്ടികൾ കളവു പറയുകയില്ലെന്ന കവിസങ്കല്പം, കുറ്റാന്വേഷകരും ന്യായാധിപന്മാരും സ്വീകരിച്ചാൽ പല അപകടങ്ങളുമുണ്ടാകും (2.1.15).

11. അലങ്കാരസമൃദ്ധവും ബിംബസമൃദ്ധവുമാണ്, കുട്ടികളുടെ ഭാഷ.

12.ദൃശ്യ-ശ്രാവ്യമാദ്ധ്യമങ്ങളിലൂടെ ആസ്വാദനം സാധിക്കാമെങ്കിലും സ്വാതന്ത്ര്യവും ആത്മനിഷ്ഠതയും ഏറ്റവുമധികം കൈവരിക്കാൻ കഴിയുന്നത് വായനയിലൂടെയാണ്. സഞ്ജയൻ, ബഷീർ, കെ. എൻ. എഴുത്തച്ഛൻ, ബാലാമണിയമ്മ, ലളിതാംബികാ അന്തർജ്ജനം, വി. ടി. ഭട്ടതിരിപ്പാട് എന്നിവരുടെ അനുഭവവിവരണങ്ങൾ വായനയിൽ നിന്നു ലഭിക്കുന്ന അനുഭൂതിയുടെ സാക്ഷ്യപത്രങ്ങളാണ് (2.2.5, 2.2.6).

13.ടെലിവിഷൻ കാണുന്നത്, ആസ്വാദനത്തെയും വിദ്യാഭ്യാസത്തെയും സഹായിക്കുമെങ്കിലും ഭാവനയെയും സൗന്ദര്യബോധത്തെയും നശിപ്പിക്കുന്നു. കോമിക്സ്, ടെലിവിഷൻ സീരിയൽ എന്നിവയിൽ ദേവനർത്തകി, മാലാഖ, യക്ഷി തുടങ്ങിയവരുടെ രൂപം ദൃശ്യമാകുമ്പോൾ പലപ്പോഴും കഥകളിൽ നിന്നും മറ്റുമായി കുട്ടികളുടെ ഉള്ളിൽ സൗന്ദര്യത്തിന്റെ മൂർത്തിമദ്ഭാവമായി സംക്രമിക്കപ്പെട്ട ബിംബങ്ങൾ, ഉടഞ്ഞുവീഴുന്നു. രാവണന്റെ പത്തു തലകൾ ഒട്ടിച്ചു വച്ചതു പോലുള്ള ചിത്രീകരണം, രാവണന്റെ സ്വഭാവത്തിനു വിപരീതമായ സംവേദനമാണ് സാധിക്കുന്നത്. കുഞ്ചനും സഞ്ജയനും ചെയ്തതു പോലെ ഹാസ്യചിത്രമുളവാക്കാനേ അത്തരം ചിത്രീകരണം സഹായിക്കൂ(2.2.7).

14. സാഹസകഥകളും മാന്ത്രികകഥകളും കുറ്റാന്വേഷണകഥകളും കൗമാരത്തിലേക്കു കടക്കുന്ന കുട്ടികളുടെ മാനസികാവശ്യത്തിന് അത്യാവശ്യമാണ് (2.2.11).

15. കൊച്ചുകുട്ടികൾക്ക് കാടിനോടും ബാല്യത്തിന്റെ ആദ്യഘട്ടത്തിലുള്ള വർക്ക് നാടിനോടും രണ്ടാംഘട്ടത്തിലുള്ളവർക്ക് നഗരത്തോടും താത്പര്യം കാണപ്പെടുന്നു. പണ്ടുപണ്ട്.... എന്ന് പഴയകാലത്തേക്കു പോകുന്ന കഥകളാണ് കൊച്ചുകുട്ടികൾക്കിഷ്ടം. കൊച്ചുകുട്ടികൾ കാട്ടുമൃഗങ്ങളും കുറച്ചുകൂടി മുതിർന്നവർ വീട്ടുമൃഗങ്ങളും കുട്ടികളും കഥാപാത്രങ്ങളായുള്ള കഥകൾ ഇഷ്ടപ്പെടുന്നു. ചെറിയ പ്രായമുള്ളവരിലേയ്ക്ക് ചെല്ലുംതോറും അപരിഷ്കൃതത്വത്തോട് ആഭിമുഖ്യം കാണപ്പെടുന്നു (2.3.0).

16. കഥാസ്വാദനതത്പരത, സ്വാഭാവികമാണ്. ഭാഷാപ്രയോഗസാമർത്ഥ്യം കൃത്രിമമാണെങ്കിലും ഭാഷയിലൂടെ സൃഷ്ടിക്കപ്പെടുന്ന സാഹിത്യം ആസ്വദിക്കാനുള്ള പ്രവണത സഹജമാണ്.

17. ഡാർവിന്റെ പരിണാമസിദ്ധാന്തത്തെ തുടർന്നു വന്ന പരിണാമാസ്പദ തത്ത്വങ്ങളിൽ, ഏണസ്റ്റ് ഇ. ഹെക്കലിന്റെ 'വംശപരിണാമചരിത്രത്തിന്റെ സംക്ഷിപ്തരൂപത്തെ ജീവിവ്യക്തിവികാസവ്യവസ്ഥ ആവർത്തിക്കുന്നു.' (Ontogeny recapitulates Phylogeny)എന്ന വാദം ശ്രദ്ധേയമാണ്. ഭ്രൂണദശയിൽ ഓരോ ജീവിയിലും കാണപ്പെടുന്ന പരസ്പരസാമ്യവും തുടർന്ന് ഘട്ടം ഘട്ടമായുള്ള വ്യതിയാനവും പരിണാമദശയിലെ പൂർവ്വ ജീവികളുടെ ജീവിതത്തിന്റെ സംക്ഷിപ്തരൂപത്തിലുള്ള ആവർത്തനം കാരണമാണ്. ഈ ആവർത്തനം ജനനാൽപരം കുറച്ചുകാലത്തേക്കു കൂടി ദൃശ്യമാകുന്നു. കുട്ടിക്കാലത്ത് പ്രാകൃതാവസ്ഥകൾ ആവർത്തിക്കുന്നതുകൊണ്ടാണ്, കുട്ടികൾക്ക് പ്രാക്തനജീവിതത്തോടും കാടിനോടും കാട്ടുമൃഗങ്ങളോടും മറ്റും ആഭിമുഖ്യമുണ്ടാകുന്നത്. ഈ വാദത്തിന് 'പരിണാമാസ്പദസാഹിത്യാസ്വാദനസിദ്ധാന്തം' (Evolution Based Literary Theory)എന്നു പേരിടുന്നു. ഭാരതീയപുരാണങ്ങളിലെ ദശാവതാരകഥയെയും പ്രസ്തുത സിദ്ധാന്തവുമായി ബന്ധപ്പെടുത്തി വായിക്കാവുന്നതാണ്. (2.3)

18. ലോകസാഹിത്യത്തിലും അപൂർവ്വമായി മലയാളസാഹിത്യത്തിലും ബാലസാഹിത്യപഠനങ്ങൾ ഏറിയകൂറും താഴെപ്പറയുന്നവയുമായി ബന്ധപ്പെട്ടാണ് നടക്കുന്നത്.

1. ചരിത്രപരമായ കണക്കെടുപ്പുകൾ.

2. പുസ്തകപരിചയം/ കർത്തൃപരിചയം.
3. പുസ്തകനിരൂപണം.
4. വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തിയുള്ള പഠനം.
5. കുട്ടികളുടെ വായനാശീലത്തിലുണ്ടാകുന്ന വ്യതിയാനങ്ങളെക്കുറിച്ചും പുസ്തകങ്ങൾ വിറ്റഴിയുന്നതിനെക്കുറിച്ചുമുള്ള സർവ്വേ റിപ്പോർട്ടുകൾ.
6. വായന മരിക്കുന്നു; ദൃശ്യമാദ്ധ്യമങ്ങൾ കുട്ടികളുടെ വായനയെ ക്ഷയിപ്പിക്കുന്നു എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ.
7. ബാലസാഹിത്യരചനയ്ക്കുള്ള ചില നിർദ്ദേശങ്ങൾ.

19. ബാലസാഹിത്യത്തിന് പഴയ ഭാരതീയാചാര്യന്മാർ കാര്യമായ നിർവ്വചനങ്ങളൊന്നും നല്കിയിട്ടില്ലെങ്കിലും ഭരതമുനി, നാട്യശാസ്ത്രത്തിൽ അഭിനയത്തെ രണ്ടായി വിഭജിക്കുന്നതിൽ നാട്യധർമ്മിയെന്നത് 'ബാലസാഹിത്യധർമ്മി' കൂടിയാണ്. (3.1.3)

20. കുട്ടികൾ മുതിർന്നവർക്കുള്ള പുസ്തകങ്ങൾ വായിക്കാറുണ്ട്. അതിനു നിദാനമായ വസ്തുതകൾ താഴെപ്പറയുന്നു:

    1. വായനയിൽ അതീവതാത്പര്യമുള്ള കുട്ടികൾക്ക് മതിയാവുന്നത്ര പുസ്തകങ്ങളില്ല.
    2. ശരാശരി കുട്ടികളുടെ ആസ്വാദനനിലവാരത്തിൽ നിന്നുയരുവാൻ ചില കുട്ടികൾക്ക് കഴിയുന്നു.
    3. മുതിർന്നവർ വായിക്കുന്ന കൃതികളിലെന്തൊക്കെയാണെന്നറിയാനുള്ള ആകാംക്ഷ.

21. മുതിർന്നവരുടെ സാഹിത്യം വായിക്കുന്ന കുട്ടികൾ അതിൽ നിന്ന് അവർക്കു താത്പര്യമുള്ളതു മാത്രം സ്വീകരിക്കുന്നു. മറ്റുള്ളവ വായിച്ചു തള്ളുകയാണ് ചെയ്യുന്നത്. (3.1.7)

22. പേടിപ്പിക്കുന്നു എന്ന കാരണത്താൽ കുട്ടികൾ ഡ്രാക്കുള വായിക്കാതിരിക്കുന്നില്ല. ഡ്രാക്കുള എന്ന ആശയം തന്നെ ബാലസാഹിത്യത്തിന്റെ പരിധിയിൽ വരുന്ന ഒന്നാണ്. അടഞ്ഞവാതിലിലൂടെ പുകപോലെ കടന്നുപോകുന്ന ഡ്രാക്കുളയെയും ചുമരിൽ നിന്നും പതുക്കെപ്പതുക്കെ മാഞ്ഞുപോകുന്ന ചെഷയർ പൂച്ചയെയും (ആലീസ് അദ്ഭുതലോകത്തിൽ) ഒന്നുപോലെയാണ്, കുട്ടികൾ കാണുന്നത്(3.1.7).

23. മുതിർന്നവർ കുട്ടികൾക്കുള്ള കൃതികൾ വായിക്കുന്നതിനുള്ള കാരണങ്ങൾ താഴെപ്പറയുന്നവയിലേതെങ്കിലും ആവാം.

    1. അവർ സാഹിത്യാസ്വാദനപരമായി മുതിർന്നിട്ടില്ല.

2. കഴിഞ്ഞകാലത്ത് കുട്ടികളായിരുന്നതിനാൽ ആ കാലത്തേക്കുള്ള തിരിച്ചുപോക്ക് വായനയിലൂടെ സാധിക്കുന്നു.

3. കുട്ടികളുടെ സാഹിത്യത്തെക്കുറിച്ചറിയാനും തങ്ങളുടെ കുട്ടികൾക്ക് കൊടുക്കുന്ന പുസ്തകങ്ങൾ ഏതു നിലവാരത്തിലാണെന്നു മനസ്സിലാക്കാനും ഇതിലൂടെ കഴിയുന്നു. (3.1.9)

24. ചില കൃതികൾ പല പ്രായത്തിൽ ഒരേ വായനക്കാരൻ തന്നെ വായിക്കുമ്പോൾ വിവിധ തരത്തിലുള്ള ആസ്വാദനമാണ് സാദ്ധ്യമാകുന്നത്. 'ആലീസ് അദ്ഭുതലോകത്തിൽ' എന്ന പുസ്തകം കൊച്ചുകുട്ടികൾക്കും ബാല്യത്തിലുള്ളവർക്കും കൗമാരത്തിലുള്ളവർക്കും മുതിർന്നവർക്കും ഓരോ രീതിയിലാണ് രസിക്കുക. ഒരു നല്ല ബാലസാഹിത്യകൃതി ആസ്വാദകനൊപ്പം വളരുന്നതായിരിക്കണം. കുട്ടിക്കാലത്ത് സ്വന്തമാക്കിയ പുസ്തകം പല ഇടവേളകളിലായി ജീവിതാന്ത്യം വരെ വേദപുസ്തകം പോലെ കൊണ്ടുനടക്കാനും വായിക്കാനും കഴിയണം. അത്തരം പുസ്തകങ്ങൾ എന്നും നിലനില്ക്കും.(3.1.9)

25. കുട്ടികൾക്കുള്ള സാഹിത്യത്തെക്കുറിച്ച് ആദ്യമായി ആധികാരികമായ അഭിപ്രായം പറഞ്ഞു വച്ചത് പ്ലേറ്റോയാണ്. ദേവന്മാർ തമ്മിലുള്ള കലഹങ്ങളെക്കുറിച്ചും ഏതൻസിലെ യുവതികളുടെ മനോഹരമായ ഉടുപ്പുകളെക്കുറിച്ചും കഥകളുണ്ടാക്കി കുട്ടികൾക്കു പറഞ്ഞുകൊടുക്കുന്നതിനെ അദ്ദേഹം വിലക്കുന്നു. ട്രാജിക് നാടകങ്ങളെ മുടക്കണമെന്നും പറയുന്നുണ്ട്. അദ്ദേഹത്തിന്റെ ആദർശങ്ങൾ വിശുദ്ധങ്ങളാണെങ്കിലും അവയുടെ അടിസ്ഥാനത്തിൽ മാത്രം കാവ്യനാടകാദികളും ബാലസാഹിത്യവും രചിക്കുകയാണെങ്കിൽ സാഹിത്യം പണ്ടേ അന്യം നിന്നിട്ടുണ്ടാവും.

26. കുട്ടികൾക്കുള്ള സാഹിത്യത്തിൽ പഴയകാലത്തെയും പ്രൗഢിയെയും ചിത്രീകരിക്കുമ്പോൾ കഥാപാത്രങ്ങളും അന്തരീക്ഷവും അതിശയോക്തിയോടെ വർണ്ണിക്കപ്പെട്ടിരിക്കണം. അരവിന്ദന്റെ കാഞ്ചനസീതയിലെ രാമനെക്കാൾ രാമാനന്ദസാഗറിന്റെ ടെലിവിഷൻസീരിയലിലെ രാമനെയാണ്, കുട്ടികൾ ഇഷ്ടപ്പെടുക.

27. കൊച്ചുമനുഷ്യകഥാപാത്രങ്ങൾ കുട്ടികളെ രസിപ്പിക്കുന്നു. പെരുവിരലോളമുള്ള ഒരു മനുഷ്യനായിട്ടാണ്, ഉപനിഷത്തുകൾ ബ്രഹ്മത്തെ സങ്കല്പിക്കുന്നത്. സർക്കസ്സിലെ കുള്ളന്മാരെ കൗതുകത്തോടെ സ്വീകരിക്കുന്നതും കുട്ടികളാണ്.

28. ഭ്രമാത്മകകഥ(fantasy)കളാണ് കൊച്ചുകുട്ടികൾക്ക് കൂടുതലിഷ്ടം. അവിശ്വസനീയമാണ്, കഥയെങ്കിലും അതിൽ യുക്തിക്കു നിരക്കാത്ത കാര്യങ്ങൾ ഉൾപ്പെടുത്തുന്നത് വൈരസ്യമുളവാക്കും. അപ്പോഴും മറ്റുചില ഘടകങ്ങൾ കാരണം കഥ ആസ്വദിച്ചെന്നു വരും. (3.4.2)

29. ഭാവനയാണ് ഫാന്റസിക്കു രൂപം കൊടുക്കുന്നത്. പുരാണകഥകളിലെയും നാടോടിക്കഥകളിലെയും കഥാപാത്രങ്ങളുടെ രൂപഭേദങ്ങളാണ്, അജയ്യരും അനിതരസാധാരണരുമായ ആധുനിക 'കോമിക്സ്' കഥാപാത്രങ്ങൾ. (3.4.3)

30. ഒരു കഥയിലെ വിരുദ്ധസ്വഭാവമുള്ള കഥാപാത്രങ്ങളെ കുട്ടികൾക്ക് ഒരേപോലെ സ്വീകരിക്കാൻ കഴിയുകയില്ല. രാമായണത്തിലെ 'രാവണായന'മോ 'സീതായന'മോ ഉൾക്കൊള്ളാൻ കുട്ടികൾക്കു കഴിയില്ല.

31. വിഷാദഭാവം കുട്ടികളുടെ കഥകളിലാകാമെങ്കിലും വിഷാദാത്മകത സ്വീകാര്യമല്ല. വിഷാദാത്മകർ ബാലസാഹിത്യരചനയിൽ നിന്ന് ഒഴിഞ്ഞു നില്ക്കുകയോ ബാലസാഹിത്യരചനയിൽ നിന്ന് അത് ഒഴിച്ചു നിർത്തുകയോ ചെയ്യുന്നു. (3.5.2)

32. നിയമനിഷേധം അഥവാ ധിക്കാരം കുട്ടികളുടെ പ്രകൃതത്തിന്റെ ഭാഗമാണെങ്കിലും മൂല്യങ്ങൾ നിലനില്ക്കണമെന്ന ആഗ്രഹം അവർക്കുണ്ട്. (3.5.3)

33. ഹാസ്യവും ബാലസാഹിത്യവും പരസ്പരബന്ധമുള്ള രണ്ട് സാഹിത്യരൂപങ്ങളാണ്. പല ബാലസാഹിത്യകാരന്മാരും ഫലിതസാഹിത്യകാരന്മാർ കൂടിയാണ്. ഉക്തിഹാസ്യ(Wit)വും ഉത്കൃഷ്ടഹാസ്യ (Humour)വുമാണ്, കുട്ടികൾക്കിഷ്ടം. ആക്ഷേപഹാസ്യം(Satire) അത്ര സ്വീകാര്യമല്ല; വിരുദ്ധോക്തികൾ(Irony) വാസ്തവോക്തികളാണെന്നു അവർ വിശ്വസിച്ചേക്കും.

34. ബാലസാഹിത്യത്തിലെ ഭാഷ, സംസാരഭാഷയോട് അടുത്തിരിക്കണമെന്നു പറയുന്നത്, അവർ ആദ്യം കേൾക്കുന്ന ഭാഷയും അപരിഷ്കൃതന്റെ ഭാഷയും അതിനോടടുത്തു നില്ക്കുന്നതു കൊണ്ടാണ്.

35. ബാലസാഹിത്യകാരൻ കുട്ടികളുടെ ഭാഷയിൽ വേണം സംവദിക്കാൻ. അമ്മമാർ കുഞ്ഞുങ്ങളുടെ ഭാഷ സ്വീകരിക്കുന്നതു പോലെയാണത്. ഇതിന് ശിശുഭാഷയിൽ ഗവേഷണം നടത്തേണ്ടതില്ല. ഏതു പ്രായക്കാർക്കു വേണ്ടിയാണോ എഴുതുന്നത് ആ പ്രായത്തിലേക്ക് മാനസികമായി ഇറങ്ങിച്ചെല്ലുക. നിരീക്ഷണത്തിൽ നിന്നും സ്വാനുഭവത്തിൽ നിന്നും ശിശുഭാഷ പഠിക്കാം. ആവശ്യമെന്നു കണ്ടാൽ ആ പ്രായത്തിലുള്ള ഒന്നോ രണ്ടോ കുട്ടികളെ വായിച്ചു കേൾപ്പിക്കാം. (3.6.2)

36. കഥയിൽ മാത്രമല്ല, കുട്ടികളുടെ സാഹിത്യത്തിൽ പൊതുവെ അടിക്കുറിപ്പുകളും വ്യാഖ്യാനങ്ങളും സ്വീകാര്യമല്ല. എൻ. കൃഷ്ണപിള്ളയുടെ 'കൈരളിയുടെ കഥ' ബാലസാഹിത്യമായിട്ടാണ്, ആദ്യം പുറത്തിറങ്ങിയത്. അടിക്കുറിപ്പുകളുടെ ധാരാളിത്തം അതിനെ അനാകർഷകമാക്കി. (3.6.2)

37. പദങ്ങൾ ആവർത്തിച്ചു വരുന്നത് കൊച്ചുകുട്ടികൾക്ക് അനുയോജ്യമാണെങ്കിലും ബാല്യപ്രായത്തിലുള്ളവർ അത് സ്വീകരിക്കണമെന്നില്ല.

38. ലളിതമായ ആഖ്യാന രീതി, ശബ്ദ, ഗന്ധാദി ബിംബങ്ങളുടെ സമൃദ്ധി, നാമവിശേഷണത്തോടുകൂടിയ പ്രയോഗങ്ങൾ, സംജ്ഞാനാമങ്ങളുടെ ആവർത്തനം, 'പ്രതിപാത്രം ഭാഷണഭേദം' എന്ന രീതി, നിരർത്ഥകശബ്ദങ്ങൾ കൊണ്ടുണ്ടാക്കുന്ന അർത്ഥവ്യാപ്തി, അതിശയോക്തി തുടങ്ങിയവയൊക്കെ കുട്ടികൾക്കുള്ള സാഹിത്യഭാഷയിൽ ആവശ്യമാണ്.

39. ദാദായിസം, സർറിയലിസം എന്നീ സാഹിത്യപ്രവണതകൾക്ക് ഘടനാപരമായി ബാലസാഹിത്യത്തിനോട് സാദൃശ്യമുണ്ട്. (3.7, 3.8)

40. ഗുണപാഠം നേരിട്ടു പ്രസ്താവിക്കുന്നത് ബാലസാഹിത്യത്തിൽ ആശാസ്യമല്ല. സാഹിത്യബാഹ്യഘടകമെന്ന ധാരണയുളവാക്കാതെ വേണം, ഗുണപാഠം അവതരിപ്പിക്കാൻ. (3.9.)

41. കുട്ടികളുടെ സാഹിത്യവും കുട്ടികൾക്കുള്ള സാഹിത്യവും വ്യത്യസ്തമാണ്. കുട്ടികളെഴുന്ന സാഹിത്യമാണ്, ആദ്യത്തേത്. കുട്ടികളെഴുതുന്ന ഭൂരിപക്ഷം കൃതികളിലും മുതിർന്നവരുടെ നിലവാരത്തിലുള്ള ആശയങ്ങളും കല്പനകളും അനുകരിക്കുന്നതായിക്കാണാം. കുട്ടികളെഴുതിയ

'കുട്ടികൾക്കുള്ള കഥകൾ' പ്രശസ്തങ്ങളല്ലെങ്കിലും കുട്ടികളെഴുതിയ 'മുതിർന്നവർക്കുള്ള കൃതികൾ' പലതും പ്രസിദ്ധീകരിച്ചിട്ടുണ്ട്. (3.10)

42. കുട്ടികൾക്കുള്ള സാഹിത്യത്തിൽ ചിത്രീകരണം അത്യാവശ്യമാണ് കൊച്ചുകുട്ടികൾക്കുള്ള കൃതികളിൽ വർണ്ണശബളമായ ചിത്രങ്ങൾ ധാരാളം വേണം. കൊച്ചുകുട്ടികൾ വരക്കുന്നതു പോലുള്ളതോ കാർട്ടൂൺ രീതിയിലുള്ളതോ ആയ ചിത്രങ്ങളാണ് അഭികാമ്യം (3.11.).

43. സംഗൃഹീതപുനരാഖ്യാനം, വിവർത്തനം, സമ്പാദനം എന്നീ പ്രക്രിയകളിലൂടെയാണ്, മലയാളത്തിൽ ബാലസാഹിത്യം കുന്നുകൂടുന്നത്. പല പ്രസിദ്ധ ലോകക്ലാസിക്കുകളും നിരവധി തവണ ഇപ്രകാരം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. സംഗ്രഹിച്ച പല ക്ലാസിക്കുകളിലും സർഗ്ഗാത്മകത ചോർന്നു പോകുന്നതായാണ്, അനുഭവപ്പെടുന്നത് (3.13.).

44. വിവർത്തനത്തിലെ പ്രശ്നങ്ങൾ ഏറ്റവുമധികം ബാധിക്കുക ബാലസാഹിത്യത്തെയായിരിക്കും. 'ആലീസ് അദ്ഭുതലോകത്തിൽ' എന്ന, കുട്ടികൾക്കുള്ള നോവലിലെ സദൃശപദങ്ങൾ കൊണ്ടു സൃഷ്ടിക്കുന്ന ഹാസ്യം, തർജ്ജമയിൽ പരാജയപ്പെടുന്നു.

45. യഥാതഥകഥകൾ കുട്ടികൾ ഇഷ്ടപ്പെടാറില്ല എന്ന ധാരണ തെറ്റാണ്. ബാല്യപ്രായത്തിലുള്ളവരാണ് അതു കൂടുതലും ഇഷ്ടപ്പെടുക. ടോം സോയർ, ഹക്ക്ൾബറി ഫിൻ (മാർക്ട്വയിൻ), സ്വാമിയും ചങ്ങാതിമാരും (ആർ.കെ. നാരായൺ) എന്നിവയുടെ വിജയം ഉദാഹരണങ്ങൾ.

46. ബാലസാഹിത്യത്തെ 'ലംബമായും തിരശ്ചീന'മായും പലരും വിഭജിച്ചിട്ടുണ്ട്. മലയാളബാലസാഹിത്യത്തെ വിദേശസാഹിത്യത്തെയെന്ന പോലെ വിഭജിക്കുക അശാസ്ത്രീയമാണ്. സാംസ്കാരികപരിതഃസ്ഥിതിയുടെയും വിദ്യാഭ്യാസ-പരിഷ്കാരനിലവാരങ്ങളുടെയും പരിഗണനയനുസരിച്ചു വേണം അതു നിർവ്വഹിക്കാൻ. പൊതുവെ കഥ, കവിത, വിജ്ഞാനം എന്നിവ എല്ലാ പ്രായക്കാർക്കും ആവശ്യമാകയാൽ ഇവയെ പ്രായഘട്ടമനുസരിച്ച് മൂന്നോ നാലോ വിഭാഗമാക്കുകയാണ് യുക്തം.

47. തുടക്കമാതൃകകളെ(First Books) തുടക്കപ്പാട്ടുകൾ, വാചികകഥകൾ, ചിത്രപുസ്തകങ്ങൾ എന്നിങ്ങനെ വിഭജിക്കാം. താരാട്ടുപാട്ടുകളും തപ്പു

കൊട്ടുപാട്ടുകളും ഒന്നാം വിഭാഗത്തിലും പറഞ്ഞുകൊടുക്കുകയോ വായിച്ചുകൊടുക്കുകയോ ചെയ്യാനുള്ള കഥകൾ രണ്ടാമത്തെ വിഭാഗത്തിലും ഉൾപ്പെടുന്നു (3.16).

48. കുട്ടികളുടെ ആദ്യകാലസൃഷ്ടികൾ ചിത്രമാണെന്നതിനാലും ഭാഷയുടെ സഹായം ലഭിക്കുന്നതിനു മുമ്പേ ആസ്വദിക്കാമെന്നതിനാലും കൊച്ചു കുട്ടികൾ ധാരാളം ചിത്രങ്ങളുള്ള പുസ്തകങ്ങൾ ഇഷ്ടപ്പെടുന്നു. മലയാളത്തിൽ വികാസം പ്രാപിക്കാത്ത ഒരു മേഖലയാണിത്. എൻ.ബി. റ്റിയാണ്, ഈ രംഗത്ത് അല്പമെങ്കിലും പ്രവർത്തിച്ചത്.

49. വളരെ ചെറിയ കുട്ടികൾക്ക് കളിപ്പാട്ടമെന്ന നിലയിൽ കൊടുക്കാവുന്ന പുസ്തകങ്ങൾ ആവശ്യമാണ്. മൂന്നു തരത്തിലുള്ള മാർഗ്ഗങ്ങൾ ഇവിടെ അവലംബിക്കാം.

1. കൊച്ചുകുട്ടികൾക്കായി പുസ്തകങ്ങൾ സംവിധാനം ചെയ്യുമ്പോൾ ഉറപ്പുള്ള കളിക്കോപ്പുകളെന്നപോലെ എളുപ്പം കേടുവരാത്ത പുസ്തകങ്ങൾ നിർമ്മിക്കുക.
2. കീറാനുള്ള സാദ്ധ്യത മുന്നിൽ കണ്ടുകൊണ്ട് ഉപയോഗിച്ചു കഴിഞ്ഞതും ചിത്രങ്ങളുള്ളതുമായ മാസികകൾ നല്കുക.
3. പുസ്തകങ്ങളിൽ കളിപ്പാട്ടം, മൃഗങ്ങൾ എന്നിവയുടെയും പരിചിത വസ്തുക്കളുടെയും ചിത്രങ്ങളുണ്ടാകുമെന്നുറപ്പുവരുത്തുക (5.16.2).

50. ചിത്രാസ്വാദനത്തിനും ചിത്രം വരച്ചു പഠിക്കുന്നതിനുമുള്ള പുസ്തകങ്ങളും കേവലമായ അക്ഷരമാലാപുസ്തകങ്ങളും കുട്ടികൾക്കുള്ള സാഹിത്യത്തിൽ ഉൾപ്പെടുന്നില്ല. ചിത്രങ്ങളെയും അക്ഷരമാലയെയും സാഹിത്യവുമായി ബന്ധപ്പെടുത്തുകയാണെങ്കിൽ കുട്ടികൾ ഇഷ്ടപ്പെടും (3.16.3).

51. കൊച്ചു കുട്ടികൾ കാവ്യാത്മകഭാഷയിലാണ് സംസാരിക്കുക. അതുകൊണ്ട് അവർക്ക് സരസമായ കവിതകൾ ഇഷ്ടപ്പെടും (3.17.9).

52. താളാത്മകമായ താരാട്ടുപാട്ടുകൾ കവിതയോടുമാത്രമല്ല, താളബോധമാവശ്യമായ കലകളോടും ജീവിതത്തോടു തന്നെയും ആഭിമുഖ്യമുണ്ടാക്കാൻ കുട്ടിയെ സഹായിക്കുന്നു. താരാട്ടിലെ സാഹിത്യം അമ്മയ്ക്കും, ഈണവും ശബ്ദഭംഗിയും കുട്ടികൾക്കുമുള്ളതാണ് (3.18).

53. കടങ്കഥ കവിതയിലേക്കുള്ള ചവിട്ടുപടിയാണ്. 'കടംകവിത' എന്ന പേരാണ് അനുയോജ്യം. 'ആനകേറാമല ആടുകേറാമല/ ആയിരം

കാന്താരി പൂത്തിറങ്ങി' എന്ന കടങ്കഥയിലെ ചിത്രീകരണത്തെ മറികടക്കുന്ന ഒരു നക്ഷത്രവർണ്ണന മലയാളത്തിലില്ല (3.18).

54. പഴഞ്ചൊല്ല് ഒരു വിനോദോപാധിയാണെങ്കിലും തത്ത്വചിന്താപരവും സ്വാഭാവികവുമായ ഉപദേശങ്ങൾ വ്യംഗ്യമായി ഉൾക്കൊള്ളുന്നതിനാൽ പരോക്ഷമായ ശിക്ഷണത്തിനും ഉപയോഗപ്പെടുന്നു. കവിതയിലേക്കുള്ള പ്രവേശനകവാടമെന്ന നിലയിൽ കടങ്കഥയോടൊപ്പം കുട്ടികളുടെ സാഹിത്യത്തിൽ അണിനിരക്കാനുള്ള അവകാശം പഴഞ്ചൊല്ലുകൾക്കുണ്ട് (3.19).

55. മദർഗൂസ്, അഥവാ നഴ്സറി റൈംസ് എന്നറിയപ്പെടുന്ന കുട്ടിക്കവിതകൾ, ബാലസാഹിത്യത്തിലെ പ്രധാനശേഖരമാണ്. നാടോടിഗാനങ്ങളിൽ നിരവധി കുട്ടിക്കവിതകളുണ്ട്. താളാത്മകത, ശബ്ദവിന്യാസഭംഗി, പങ്കാളിത്തം, ഹ്രസ്വത, കൗതുകപാത്രങ്ങൾ, കൗതുകവിഷയങ്ങൾ, പലഹാരവർണ്ണന, ഹാസ്യം, ലാളിത്യം, കളി, നോൺസെൻസ്, ധിക്കാരഭാവം, ശൃംഖലിതരൂപം, ആവർത്തനം, വ്യാവർത്തനം, പ്രാസം, ചേതനാരോപം, അഹംബോധസാന്ത്വനം, ഫാന്റസി, വിദ്യാഭ്യാസം എന്നീ സവിശേഷതകളാണ്, കുട്ടിക്കവിതകളെ ആസ്വാദനീയമാക്കുന്നത് (3.20).

56. കുട്ടികൾക്കുള്ള കവിതയിലെ ആവർത്തിച്ചുവരുന്ന വിഷയങ്ങൾ അപഗ്രഥിച്ചു നോക്കിയപ്പോൾ കൗതുകമുള്ള മൃഗങ്ങളോ വസ്തുക്കളോ ആണ് മുന്നിട്ടുനില്ക്കുന്നത് എന്ന് കണ്ടെത്തി. ആനയാണ്, ഏറ്റവും കൂടുതൽ ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്നത്. ചെണ്ട, മഴ, ഉറുമ്പ് തുടങ്ങി കൗതുകമുണ്ടാക്കുന്ന വിഷയങ്ങൾ പിന്നാലെ വരുന്നു (3.22).

57. നാടോടിക്കഥകളിൽ 'മൂന്ന്' എന്ന സംഖ്യയ്ക്ക് പ്രധാനസ്ഥാനമാണുള്ളത്. ഇതിനുള്ള കാരണം താഴെപ്പറയുന്നു:

ഭാരതത്തിലെ പുരാണങ്ങളിലും വേദങ്ങളിലും 'മൂന്ന്' എന്ന സംഖ്യയ്ക്ക് അതുല്യസ്ഥാനമാണുള്ളത്. ത്രിലോകം, ത്രിമൂർത്തി, ത്രികാലം, ത്രിദോഷം, ത്രിനയനം എന്നിങ്ങനെ ത്രിത്വം നിറഞ്ഞ പാരമ്പര്യമാണ്, ഇന്ത്യയിലെങ്ങുമുള്ളത്. ഇന്ത്യയിൽ നിന്നുള്ള നാടോടിക്കഥകളിലും ഇതു ധാരാളമായി കാണപ്പെടും. ഒരുപക്ഷെ ഇന്ത്യൻകഥകൾ വിദേശങ്ങളിലേക്കു പകർന്നതിലൂടെയാവാം, മൂന്നിനുള്ള നാടോടിക്കഥയിലെ പ്രാധാന്യം സാർവ്വലൗകികമായത്( 3.24.26).

58. പ്രാകൃതന്റെയും സ്വപ്നാടകന്റെയും മനോരോഗിയുടെയും കുട്ടിയുടെയും, ചിന്തയും ഭാഷയും ഏറെക്കുറെ സമാനമായതുകൊണ്ടാണ്, സ്വപ്നതുല്യമായ ഫാന്റസി, പ്രാകൃതന്റെ നാടോടിക്കഥകളിൽ കൂടുന്നതും അവ കുട്ടികൾക്ക് ഇഷ്ടപ്പെടുന്നതും, മുതിർന്നവർ അവയെ ഭ്രമാത്മകമെന്ന് മുദ്ര കുത്തുന്നതും (3.24.28 ).

59. ക്വിസ്, പൊതുവിജ്ഞാനം, നിഘണ്ടു, വിജ്ഞാനകോശം എന്നിവയെ പതിവുരീതിയിൽ പ്രസാധനം ചെയ്യുകയാണെങ്കിൽ, ബാലസാഹിത്യമായി പരിഗണിക്കേണ്ടതില്ല. എന്നാൽ ഏതു വിജ്ഞാനശാഖയിലുമുള്ള വസ്തുതകളെ സർഗ്ഗാത്മകമായി അഥവാ സരസമായി ആവിഷ്കരിക്കുകയാണെങ്കിൽ അത് ബാലസാഹിത്യമാകും (3.25.2).

60. നേരിട്ട്, കവിത, കഥ എന്നീരൂപങ്ങൾ സ്വീകരിക്കുന്നതിനു പുറമെ, കുട്ടികൾക്കുള്ള സാഹിത്യത്തിലെ കൗതുകജനകമായ ഘടകങ്ങളെല്ലാം വിജ്ഞാനത്തെ സർഗ്ഗാത്മകമാക്കാൻ ഉപയോഗിക്കാം. ഭാവന, ഔത്സുക്യം, പുതുമ, ഭാഷയിലെ ആന്തരികവും ബാഹ്യവുമായ സവിശേഷതകൾ, അവതരണരീതി, സംഭവങ്ങളുടെ നൈരന്തര്യം, പരിണാമഗുപ്തി, ഫലിതം, വികാരം, സംഭാഷണം തുടങ്ങിയവയെല്ലാം വിജ്ഞാനസാഹിത്യത്തിനും ചേരും (3.25.4 ).

61. ജീവചരിത്രകൃതിയിൽ വ്യക്തിയെ യാതൊരു ദോഷവുമില്ലാതെ ദൈവതുല്യം അവതരിപ്പിക്കുന്നത് ഗുണകരമല്ല. അതുപോലെ സമൂഹത്തിൽ ദുഷ്ടരെന്ന് കേൾവികേട്ട വ്യക്തികളുടെ ചില സദ്ഗുണങ്ങൾ പെരുപ്പിച്ചുകാട്ടി അവരുടെ ജീവചരിത്രം പ്രസിദ്ധീകരിക്കുന്നതും അഭികാമ്യമല്ല (3.25.7).

62. പലരും കരുന്നതുപോലെ പഞ്ചതന്ത്രം കിളിപ്പാട്ടല്ല, മലയാളത്തിലെ ആദ്യത്തെ ബാലസാഹിത്യകൃതി. ആദ്യത്തെ മലയാളകാവ്യമെന്ന് അംഗീകരിക്കപ്പെട്ട ശ്രീകൃഷ്ണചരിതം മണിപ്രവാളമാണ്, ആദ്യത്തെ മലയാളബാലസാഹിത്യകൃതി. നിലവിലുള്ള ധാരണയ്ക്കു വിരുദ്ധമായി, പ്രസ്തുത കൃതിയുടെ ആദ്യസർഗ്ഗം രാമപാണിവാദനും മറ്റു സർഗ്ഗങ്ങൾ കുഞ്ചൻ നമ്പ്യാരുമാണ് രചിച്ചത് എന്നു വ്യക്തമാകുന്നു (4.6).

63. കേരളവർമ്മ വലിയകോയിത്തമ്പുരാനിൽ നിരൂപകരും സാഹിത്യചരിത്രകാരന്മാരും കാണാതെ പോയ ഉത്പതിഷ്ണുത്വം, അദ്ദേഹത്തിന്റെ പാഠപുസ്തകരചനയിൽ കണ്ടെത്താം (4.11).

64. ബാലസാഹിത്യത്തിന്റെ വൈവിധ്യപൂർണ്ണമായ മേഖലകൾ മലയാളത്തിൽ തുടങ്ങിവച്ചത് കേരളവർമ്മയുടെ 'ടെക്സ്റ്റുബുക്കു പ്രസ്ഥാന'മാണ്.

65. 'പദ്യമഞ്ജരി' ഒന്നും രണ്ടും ഭാഗങ്ങളിൽ കർത്തൃനിർദ്ദേമില്ലാതെ പ്രസിദ്ധീകരിക്കപ്പെട്ട ചില കവിതകൾ, ഉള്ളൂരിന്റേതാണെന്ന് പില്ക്കാലത്ത് ആരോപിക്കപ്പെട്ടിരിക്കുന്നു. ഇവ ഉള്ളൂരിന്റേതാണെന്ന് ഉറപ്പിച്ചു പറയാനാവില്ല.

66. പ്രായത്തിനനുസരിച്ച തരംതിരിവ് പുലർത്തി കുട്ടിക്കവിതകൾ രചിച്ച മലയാള കവിയാണ്, ജി. ശങ്കരക്കുറുപ്പ്. ശിശുകവിതകളിലാണ്, അദ്ദേഹം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചത്. ശിശുമനശ്ശാസ്ത്രം വ്യക്തമായും മനസ്സിലാക്കിയ കവിയാണ് ജി (5.2).

67. ബാല്യപ്രായത്തിലുള്ളവർക്ക് യോജിച്ചതും നിലവാരം പുലർത്തുന്നതുമായ കഥാകാവ്യങ്ങളെഴുതുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നത് വൈലോപ്പിള്ളിയാണ്. കുട്ടികളുടെ താത്പര്യത്തിന് അനുഗുണമാണ്, അദ്ദേഹത്തിന്റെ ഭാഷയും വിഷയങ്ങളും (5.3).

68. സാഹസികത, കൗതുകം, സ്നേഹബന്ധം, വൈകാരികത, ലാളിത്യം എന്നിവ കാരണമാണ്, കാരൂരിന്റെ 'ആനക്കാരൻ' എന്ന നോവൽ കുട്ടികളിൽ താത്പര്യമുളവാക്കുന്നത്. കാരൂരിന്റേതെന്ന് പ്രസിദ്ധമായ 'ബാലചന്ദ്രൻ' എന്ന നോവൽ തിരുവല്ലാ കേശവപിള്ള രചിച്ചതാണെന്നും അതു തന്റെ നിർദ്ദേശപ്രകാരം സാഹിത്യപ്രവർത്തകസഹകരണസംഘത്തെ വളർത്താനുള്ള ഒരു പദ്ധതിയുടെ ഭാഗമാണെന്നും ഡി. സി. കിഴക്കേമുറി പ്രസ്താവിച്ചതായി അദ്ദേഹത്തെക്കുറിച്ചുള്ള ജീവചരിത്രകൃതികളിൽ കാണുന്നു (5.4).

69. പി. നരേന്ദ്രനാഥിന്റെ ബാലസാഹിത്യകൃതികളുടെ പേരുകൾ അപഗ്രഥിക്കുകയാണെങ്കിൽത്തന്നെ ഉത്കൃഷ്ടബാലസാഹിത്യത്തിന്റെ സവിശേഷകൾ വ്യക്തമാകുന്നുണ്ട്. കുട്ടികളുടെ മനശ്ശാസ്ത്രത്തിനനുയോജ്യമായ രീതിയിലാണദ്ദേഹം 'കുഞ്ഞിക്കൂനൻ'രചിച്ചത് (5.5).

70. മൃഗകഥയാണ് മാലിയുടെ, 'സർക്കസ്'. മൃഗങ്ങളുടെ പിന്നിലായാണ് ഈ കഥയിൽ മനുഷ്യർ അണിനിരക്കുന്നത്. മാലിയുടെ സംഗൃഹീതപുനരാഖ്യാനങ്ങളെക്കാളും കുട്ടികൾക്ക് പ്രിയമാവുക, 'സർക്കസ്' എന്ന നോവലാണ്. റിയലിസ്റ്റ് നോവലിന്റെ ചട്ടക്കൂട്ടിൽ മൃഗകഥപറയുകയാണിവിടെ. പാത്രസൃഷ്ടി, സാഹസികത, വൈകാരികത, കൗതുകം നിറഞ്ഞ സർക്കസ് നമ്പറുകൾ, സരസമായ ശൈലി എന്നിവ ഈ കൃതിയെ ഏറ്റവും നല്ല ബാലസാഹിത്യകൃതിയായി ഉയർത്തുന്നു (5.6).

71. കുട്ടികളുടെ മാനസിക സവിശേഷതകളനുസരിച്ച് ബാലസാഹിത്യം രചിക്കുകയാണെങ്കിൽ കുട്ടികൾ അത് ഏറെ ഇഷ്ടപ്പെടുമെന്നതിന് 'ഉണ്ണിക്കുട്ടന്റെ ലോകം' (നന്തനാർ) ഉദാഹരണമാണ്. വികൃതികളെ കുസൃതികളാക്കി മാറ്റുകയാണെങ്കിൽ മുതിർന്നവർക്കും രസിക്കും (5.7).

72. നാടോടിക്കഥകളെക്കുറിച്ചുള്ള പ്രോപ്പിന്റെ പഠനത്തിൽ നിന്നുരുത്തിരിഞ്ഞുവന്ന ഫോർമുല, പുതിയ നാടോടിക്കഥയുടെ രചനയ്ക്ക് സഹായകമായതുപോലെ പഴയ ഇന്ത്യൻ നാടോടിക്കഥയുടെ അച്ചിൽ എം.ടി. വാസുദേവൻ നായർ രൂപപ്പെടുത്തിയ കഥയാണ്, മാണിക്യക്കല്ല്,. ഇതിലെ വെള്ളത്തിനടിയിലെ കൊട്ടാരം എന്ന ആശയം ബൃഹദ്കഥാസരിത്സാഗരത്തിലും അറബിക്കഥകളിലുമുള്ളതാണ് (5.8).

73. 'പൈങ്കിളി' എന്നു വിവക്ഷിക്കപ്പെടുന്ന നോവൽ വിഭാഗത്തിൽ പ്രാഗല്ഭ്യം തെളിയിച്ച മുട്ടത്തുവർക്കിയുടെ, 'ഒരു കുടയും കുഞ്ഞുപെങ്ങളും' എന്ന നോവൽ 'പൈങ്കിളി'യും യഥാതഥ /കാല്പനിക ബാലസാഹിത്യനോവലും തമ്മിൽ ഏറെ അകലമില്ലെന്ന് തെളിയിക്കുന്നു. ധർമ്മത്തെ ഉയർത്തിക്കാട്ടുന്ന ഈ കൃതി വൈകാരികത, സാഹസികത, വീടുവിട്ടിറങ്ങൽ, അനാഥക്കുട്ടികളുടെ സനാഥത്വം എന്നിവ കാരണം കുട്ടികൾക്ക് ഹൃദയസ്പർശിയായി അനുഭവപ്പെടുന്നു (5.9).

74. വിജ്ഞാനസാഹിത്യം സരസമാക്കാമെന്നതിന് ഉദാഹരണങ്ങളാണ് എസ്. ശിവദാസിന്റെ കൃതികൾ. 'കണക്ക് കളികളിലൂടെ' എന്ന കൃതിയിലൂടെ ഗണിതത്തെ കളിയും കഥയുമാക്കി അവതരിപ്പിക്കുന്നു അദ്ദേഹം. എ. പി. ജയരാമന്റെ 'പോക്കിരി പേക്കാ തവള' എന്ന ശാസ്ത്രകഥയും കുട്ടികളുടെ മനസ്സറിഞ്ഞു രചിക്കപ്പെട്ട കൃതിയാണ് (5.10), (5.11).

75. കുട്ടികളുടെ മാനസിക ഭാവങ്ങൾ, പ്രവൃത്തികൾ, കൗതുകസംഭവങ്ങൾ, ഗുണപാഠരാഹിത്യം, അത്ഭുതകരമായ അനുഭവങ്ങൾ, മായികലോകം, ഹാസ്യം, ഭ്രമാത്മകത, സ്വപ്നസദൃശ്യമായ ദൃശ്യങ്ങൾ, നോൺ സെൻസ് ശൈലി തുടങ്ങിയ കാര്യങ്ങളാൽ കുട്ടികൾക്കു വളരെ കൗതു കമുണ്ടാക്കുന്ന കൃതിയാണ്, 'ആലീസ് അത്ഭുത ലോകത്തിൽ'. ആലീസ് കണ്ടതും അനുഭവിച്ചതുമായ അത്ഭുതലോകം, യഥാർത്ഥ ത്തിൽ കുട്ടികളുടെ ലോകം തന്നെയാണ് (5.12).

76. റിയലിസ്റ്റു കഥയിൽ സാഹസികത, പാത്രസൃഷ്ടിയിലുള്ള വൈഭവം, ഹാസ്യം, വൈകാരികത, വ്യക്തിബന്ധചിത്രീകരണം തുടങ്ങിയ ഘടക ങ്ങൾ സമർത്ഥമായി സന്നിവേശിപ്പിക്കുമ്പോൾ ഉത്തമസൃഷ്ടിയാകുമെ ന്നതിനുദാഹരണമാണ്, ആർ.കെ. നാരായൺന്റെ സ്വാമിയും ചങ്ങാതി മാരും. മുതിർന്നവരിലെ കുട്ടിയെ സജീവമാക്കുമെന്നതിനാൽ കുട്ടി കൾക്കൊപ്പം മുതിർന്നവരും ഇതു സ്വീകരിക്കും. കുട്ടികളോടൊപ്പം വള രുന്ന യഥാർത്ഥ ബാലസാഹിത്യകൃതിയാണ്, 'സ്വാമിയും ചങ്ങാതി മാരും' (5.13).

77. ബാലസാഹിത്യം കൊണ്ട് താഴെപ്പറയുന്ന പ്രയോജനങ്ങളുണ്ട്.

1. വിനോദമെന്ന നിലയിൽ ആനന്ദം അനുഭവിക്കാൻ.
2. പൊതുവിജ്ഞാനം നേടാൻ.
3. വിദ്യാഭ്യാസപദ്ധതിയെ അനായാസമാക്കാൻ.
4. സ്വഭാവരൂപീകരണത്തിന്.
5. മനോരോഗ/സ്വഭാവവൈകല്യ ചികിത്സയ്ക്ക്.
6. പക്വത ആർജ്ജിക്കാൻ.
7. ഭാവനയെ ഉത്തേജിപ്പിച്ച് പുതിയ കണ്ടുപിടുത്തങ്ങളിലേക്കും തത്ത്വ രൂപീകരണങ്ങളിലേക്കും എത്തിക്കാൻ.
8. സമൂഹവത്കരണം, സുരക്ഷിതത്വം തുടങ്ങിയ മാനസികാവശ്യ ങ്ങൾ നിറവേറ്റാൻ.
9. ഭാഷയിൽ അനായാസത കൈവരിക്കാൻ.
10. ജീവിതത്തെക്കുറിച്ച് പ്രതീക്ഷ ലഭിക്കാനും പൂർത്തീകരിക്കാൻ കഴി യാത്ത അഭിലാഷങ്ങളെ മാനസികമായി നിറവേറ്റാനും.